**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1107** | **10-08-2023 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ പാലാക്കുഴികടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കൽ പഞ്ചായത്തിൽ മണിക്കടവ് പുഴയ്ക്ക് കുറുകെ പാലാക്കുഴികടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്തിലെ കടമനക്കണ്ടി വളവുപാറ ആർ.സി.ബി, പാലാക്കുഴികടവ് ആർ.സി.ബി എന്നീ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിനുള്ള പ്രൊപ്പോസൽ നേരത്തെ സമർപ്പിച്ചിരുന്നുവെങ്കിലും, ആയതിന്റെ മുൻഗണന പിന്നീട് ആവശ്യപ്പെട്ടപ്പോൾ വിശദമായ സ്ഥലപരിശോധന നടത്തി, ഏറ്റവും അനുയോജ്യമായത് കടമനക്കണ്ടി വളവു പാറയുടേതാണെന്ന് മനസ്സിലായതിന്റെ അടി സ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടത്താൻ 2022-23 വർഷത്തെ High priority proposal ൽ ഉൾപ്പെടുത്തി KERI Director-ന്റെ കാര്യാലയത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി Report ലഭ്യമായാൽ രൂപകല്പന നടത്തി വിശദമായ DPR തയ്യാറാക്കി പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പാലാക്കുഴികടവിൽ താഴെ ഏകദേശം കടമനക്കണ്ടി വളവുപാറ ഭാഗത്ത് വിയർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സാധ്യത പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ